بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 09/10/2015

**(25 DHUL HIJJAH 1436 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## SERVICE TO HUMANITY / മാനവ സേവനം

**PART 1**

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹാ ഓതിയ ശേഷം പറഞ്ഞു.

وَيُطْعِمُونَ ٱلطَّعَامَ عَلَىٰ حُبِّهِۦ مِسْكِينًا وَيَتِيمًا وَأَسِيرًا

إِنَّمَا نُطْعِمُكُمْ لِوَجْهِ ٱللَّهِ لَا نُرِيدُ مِنكُمْ جَزَآءً وَلَا شُكُورًا

“അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി അവർ അഗതികൾക്കും അനാഥർക്കും ബന്ധനസ്ഥർക്കും ആഹാരം നൽകുന്നു. അവർ അവരോട് പറയും അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്ക് ആഹാരം നൽകുന്നത്. നിങ്ങളിൽ നിന്ന് എന്തെങ്കിലും പ്രതിഫലമോ കൃതജ്ഞതയോ ഞങ്ങളുദ്ദേശിക്കുന്നില്ല.” ( 76:9,10)

അല്ലാഹുവിന് ഇബാദത്ത് ചെയ്ത ശേഷം വിശുദ്ധ ഖുർ ആൻ മാനവസേവനത്തിന് വളരെ വലിയ പ്രാധാന്യമാണ് നൽകുന്നത്. നിശ്ചയമായും ഇവ രണ്ടും (അതായത് ദൈവാരാധനയും മാനവസേവനവും) മതത്തിന്റെ അവിഭാജ്യ ഭാഗമാണ്. മനസ്സിലാക്കുക ഇവ രണ്ടും രണ്ട് വിഷയമല്ല. യഥാർത്ഥത്തിൽ ഇത് ഒരേ വൃക്ഷത്തിന്റെ രണ്ട് ശാഖകളാണ്. ഇബാദത്തിന്റെ അർത്ഥം എത്ര കണ്ട് നിങ്ങൾ മനസ്സിലാക്കുന്നുവോ അത്ര കണ്ട് നിങ്ങൾ അല്ലാഹുവിന് ഇബാദത്ത് വർദ്ധിപ്പിക്കുന്നു. അപ്പോൾ മനുഷ്യരുമായുള്ള നിങ്ങളുടെ ബന്ധവും സ്വയമേവ ശക്തിപ്പെടുന്നു. ആയതിനാൽ ഈ രണ്ട് ശാഖകളും ഒപ്പത്തിനൊപ്പം ഒരുമിച്ചു വളരുന്നു. അല്ലാഹുവിന് ഇബാദത്ത് ചെയ്ത് മാത്രം അത് വളരുകയും പുഷ്പിക്കുകയും ചെയ്യുക സാധ്യമല്ല. അതോടൊപ്പം മനുഷ്യരുമായുള്ള ബന്ധത്തിന്റെ ശാഖ ഉണങ്ങുകയും മുള്ളുകളുള്ളതാകുകയും ചെയ്താൽ !

ഇതു പോലെയാണ് കാര്യങ്ങൾ മുന്നോട്ട് പോകുന്നതെങ്കിൽ, അപ്പോൾ നിങ്ങളുടെ ഇബാദത്ത് നഷ്ടത്തിലാണെന്ന് തെളിയും. . ഇതിന്റെ മറ്റൊരർത്ഥം ഇബാദത്തിന്റെ യഥാർത്ഥ അർത്ഥം നിങ്ങൾക്ക് മനസ്സിലായിട്ടില്ലാ എന്നാണ്. നിങ്ങൾ വിചാരിക്കുന്നോ നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുന്നതിന് പരിശ്രമിച്ചുകൊണ്ടിരിക്കുന്നുവെന്ന്, എന്നാൽ ഇത് നിങ്ങളുടെ ഭാഗത്തു നിന്നുള്ള ഒരു ചതിയാണ്. കാരണം ഒരു വ്യക്തി ദൈവാരാധന പൂർത്തിയാക്കുന്നത്, അവൻ മനുഷ്യരുമായി നല്ല ബന്ധങ്ങൾ സ്ഥാപിക്കുന്നതിലൂടെയായിരിക്കണം. മനുഷ്യരുമായുള്ള നിങ്ങളുടെ ബന്ധങ്ങൾ ശക്തിപ്പെടുത്തുവാനും വളർത്തുവാനും ഇബാദത്ത് നിങ്ങളെ വളരെയധികം സഹായിക്കുന്നു. നിഷ്കളങ്ക ആരാധന

അംഗീകരിക്കുന്ന വഴി ഇതാണ്. കുറഞ്ഞത് മാനുഷിക നിലവാരത്തിലെങ്കിലും നിങ്ങൾക്കിത് അംഗീകരിക്കുവാൻ കഴിയണം. കാരണം കാര്യങ്ങൾ അല്ലാഹുവിന്റെ സ്ഥാനത്ത് നിന്ന് നോക്കി കാണുവാൻ നിങ്ങൾക്ക് കഴിയുകയില്ല. ഇതാണ് അല്ലാഹുവിന്റെ നിലപാട്. തീർച്ചയായും മനുഷ്യനിലയിൽ, നിങ്ങൾക്ക് നിഷ്കളങ്കമായ ഇബാദത്ത് തിരിച്ചറിയാൻ കഴിയും. ആ അംഗീകാരം സാധ്യമാകുന്നത്, നിങ്ങളുടെ പരമമായ ധാർമ്മിക ഗുണങ്ങളിലൂടെയാണ്. മാത്രമല്ല അല്ലാഹുവിന്റെ സൃഷ്ടികളോട് നിങ്ങൾ സ്വീകരിക്കുന്ന ശരിയായ സമീപനവും കാരണമാണ്, സാധുക്കളോടും, സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്നവരോടുമുള്ള നിങ്ങളുടെ സമീപനവും തീർച്ചയായും ദൃഷ്ടാന്തങ്ങൾ തന്നെയാണ്. നിങ്ങളുടെ ഇബാദത്തുകൾ ഇതുപോലെ സ്വീകരിച്ചിരിക്കുന്നു എന്നതിന്! ഈ സന്ദർഭത്തിൽ ഹസ്രത് മുഹമ്മദ് (സ) യുടെ ഏതാനും ഹദീസുകൾ തെരഞ്ഞെടുക്കുകയാണ്. ഈ വിഷയത്തിൽ അടുത്ത വെള്ളിയാഴ്ചകളിൽ ഇൻശാ അല്ലാഹ് ഇത് വിവരിക്കുന്നതാണ്. മനുഷ്യർ തമ്മിലുള്ള പരസ്പര ബന്ധങ്ങളെക്കുറിച്ചും മനുഷ്യരോട് ഏറ്റവും നല്ല നിലയിൽ, മര്യാദയിൽ പെരുമാറേണ്ടുന്ന കാര്യങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നതാണ്. ഈ വിഷയം സംബന്ധമായി അനേകം പ്രവാചക വചനങ്ങളുണ്ട്. ഞാൻ അതിൽ ചിലത് മാത്രം എടുക്കുകയാണ്. നിങ്ങളുടെ വ്യക്തിത്വ രൂപീകരണം ആരംഭിക്കേണ്ടത് നിങ്ങളുടെ ഭവനങ്ങളിൽ നിന്നാണ്. അവിടെ നിന്ന് വളർന്ന് വികസിച്ച് നിങ്ങളുടെ അയൽ വീടുകളിലേക്കും അവിടെ നിന്ന് പുറത്തേക്കും വളർന്നു പന്തലിച്ച് പടരേണ്ടതാണ്. ക്രമാനുഗതമായി നിങ്ങളുടെ ഏറ്റവും അടുത്തവരിൽ നിന്നും ഈ യാത്ര ആരംഭിച്ച് ശക്തി പ്രാപിച്ച്, ഒടുവിൽ വിദേശികളിൽ വരെ എത്തേണ്ടതാണ്. ഈ യാത്രയുടെ ഫലമായി, മനുഷ്യത്വത്തിന്റെ പുതിയ അറിവുകൾ സ്വായത്തമാക്കുവാൻ സാധിക്കുന്നതാണ്. തദ്വാര നിങ്ങളുടെ മനുഷ്യ ബന്ധങ്ങളുടെ അഭിരുചികൾ വർദ്ധിക്കുകയും ഇന്നലെ വരെ അവിശ്വാസികളായിരുന്നവർ, നിങ്ങളുടെ കുടുംബത്തിലെ ഭാഗമായി മാറുകയും, ഇത് നിങ്ങളുടെ ഹൃദയങ്ങളിൽ വളരെ ശക്തമായ വികാരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. നിങ്ങൾ അല്ലാഹുമായി ബന്ധം സ്ഥാപിച്ച ശേഷം, ഇങ്ങനെയൊക്കെ പെരുമാറിയിട്ടും, ജനങ്ങളുമായുള്ള ബന്ധങ്ങളുടെ വൃത്തം വർദ്ധിക്കുന്നില്ലെങ്കിൽ, ഈ ആളുകൾ നിങ്ങളെ വിട്ടു പോവുകയാണെങ്കിൽ, അത് നിങ്ങൾ അല്ലാഹുമായി ശക്തമായ ബന്ധം സ്ഥാപിച്ചതുമൂലമാണെങ്കിൽ, വളരെ കുറച്ചുപേർ മാത്രമേ അല്ലാഹുമായുള്ള നിങ്ങളുടെ ബന്ധം മനസ്സിലാക്കിയിട്ടുള്ളൂവെങ്കിൽ, അല്ലാഹുമായുള്ള ശക്തമായ ബന്ധം സ്ഥാപിക്കുവാൻ നിങ്ങളുടെ മാതൃക അവർ പിന്തുടരുന്നുവെങ്കിൽ, അപ്പോൾ ആ സമയം മുതൽ, നിങ്ങളുടെ യഥാർത്ഥ കുടുംബം അവരാണ്. അവർ നിങ്ങളുടെ കുടുംബത്തിന്റെ അവിഭാജ്യഘടകമായി മാറുന്നു.

ഈ കാര്യങ്ങളൊക്കെ, ഈ ബന്ധത്തിലൂടെ രൂപം കൊണ്ട ആളുകളുടെ, നിലവാരമനുസരിച്ചായിരിക്കും അതിന്റെ വളർച്ച തുടരുന്നത്. അവിശ്വാസികളുണ്ട് അവരുമായി നിങ്ങൾ ഏത് മാർഗ്ഗത്തിൽ ബന്ധപ്പെട്ടാലും, എന്ത് സമീപനങ്ങൾ സ്വീകരിച്ചാലും, പരിഹാര വഴികൾ തേടിയാലും, അവർ സ്വയം നന്നാകാൻ ശ്രമിക്കുകയില്ല. അങ്ങനെ അവർ നിങ്ങളുടേതായി തീരുകയില്ല. എന്നാൽ അവിശ്വാസികൾ അല്ലാത്ത മറ്റു ജനവിഭാഗങ്ങൾ, അവരുടെ ഉള്ളിൽ മനുഷ്യത്വത്തിന്റെ വിത്തുണ്ട്, അത് അവിടെ കിടന്ന് മുളപൊട്ടുവാനും പുഷ്പിക്കുവാനും തക്ക നിലയിൽ അല്ലാഹു അതിനെ പ്രാപ്തമാക്കുന്നു. അങ്ങനെ അവസാനം അന്ധതയുടെ മറ അവരിൽ നിന്നും നീങ്ങുകയും, അവരുടെ ഉള്ളിൽ അവരുടെ സഹോദരങ്ങളെ സംബന്ധിച്ചുള്ള നിരാസം ഇല്ലാതാകുകയും, ഒടുവിൽ അവർ അല്ലാഹുവിന്റെ കൽപ്പനകൾക്ക് സ്വമനസ്സാലെ കീഴടങ്ങുകയും ചെയ്യുന്നു. ഇത്തരം ആളുകൾ നിങ്ങളുടെ കൂടെ കൂടുന്നതാണ്, നല്ല കാലമായാലും ശരി ചീത്ത കാലമായാലും ശരി, അവർ എന്തു തന്നെയായാലും നിങ്ങളുമായുള്ള ബന്ധം വിച്ഛേദിക്കുകയില്ല, കാരണം അവർ അല്ലാഹുമായുള്ള ബന്ധം വിച്ഛേദിക്കുന്നതിന് ഭയപ്പെടുന്നു. അങ്ങനെ ഇത്തരം ആളുകൾ നിങ്ങളുടെ സ്വന്തം ആളുകളായി തീരുന്നു (അതായത് അല്ലാഹുവിന്റെ ദൂതൻമാരുടെയും വിശ്വാസികളുടെയും) അല്ലാഹുവിന്റെയും ! ആയതിനാൽ,

നിങ്ങളുടേതെന്ന് നിങ്ങൾ കരുതുന്നവർ, അവർ നിങ്ങളുടേതായി നിലനിൽക്കും. അവരുടെ താത്പര്യം സംരക്ഷിക്കേണ്ടത് നിങ്ങളുടെ ഉത്തരവാദിത്വമാണ്, അവർ മറ്റുള്ളവരെയെല്ലാം അതിജയിക്കാനായി.

എന്നെ സംബന്ധിച്ചിടത്തോളം, നിങ്ങളെ ക്ഷണിക്കുന്ന ഈ യാത്ര, ഹസ്രത് മുഹമ്മദ് (സ) തന്റെ ജീവിതത്തിലുടനീളം സ്വീകരിച്ച യാത്രയിലേക്കാണ്. അതിലേക്ക് അദ്ദേഹം സർവ്വ ജനത്തേയും ക്ഷണിച്ചു. അതു മറ്റൊരു വിഷയമാണ്, മനുഷ്യർ തമ്മിലുള്ള സാധാരണ ബന്ധത്തിൽ നിന്നും അത് തികച്ചും വ്യത്യസ്തമാണ്. നിങ്ങളുടെ വീടുകളിലുള്ള ആളുകളുമായുള്ള ബന്ധം നിങ്ങൾ നേരെയാക്കുമ്പോൾ, അത് തീർച്ചയായും ഒരു പരിശീലനമാണ്. അത് റസൂൽ (സ) യുടെ സുന്നത്ത് തന്നെയാണ്. ആ നിമിഷം മുതൽ ആ യാത്രയുടെ സ്വാധീനം അവിടെ അവസാനിക്കുന്നില്ല. അത് തങ്ങളുടെ അയൽവാസികളിലേക്ക് വളരുന്നു. അത് വളർന്ന് ചുറ്റുമുള്ള ജനങ്ങളിലേക്ക് പടരുന്നു. തുടർന്ന് നിങ്ങളുടെ പട്ടണത്തിലേക്കും, രാജ്യത്തിലേക്കും അങ്ങനെ ക്രമേണ അന്താരാഷ്ട്ര തലത്തിലേക്കുമുയർന്നു ശോഭിക്കുന്നു. അങ്ങനെ നിങ്ങളറിയും ഈ ലോകം നിങ്ങളുടെ കുടുംബത്തിന്റെ തന്നെ ഒരു ഭാഗമാണെന്ന് അതിന്റെ ഫലമായി, യഥാർത്ഥ നീതി ജന്മം കൊള്ളുന്നു. അതുകൊണ്ടാണ് ഖുർആൻ തറപ്പിച്ചു പറയുന്നത്, ഇത് നിങ്ങളെ, അവരുടെ ഏറ്റവും അടുത്തവരായി മാറ്റുന്നു. ഒരാളോട് ഒരു രീതിയിലും, മറ്റൊരാളോട് മറ്റൊരു രീതിയിലും പെരുമാറി എന്നു പറയാനിടവരാത്ത നിലയിൽ നിങ്ങൾ പ്രവർത്തിക്കുന്നതാണ്. ദിൽ ഖുർബഃ എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്, അതായത് ഓരോ വിശ്വാസിയുടെയും ബന്ധം മറ്റുള്ളവരുമായി നീതിപൂർവ്വമായിട്ടായിരിക്കും; ഇത് അവർക്ക് നന്മകൾ ചെയ്തുകൊണ്ടായിരിക്കും, ഈ നന്മകളുടെ എല്ലാ അവസ്ഥകളും താണ്ടിയാണ് ദിൽഖുർബ : എന്ന പരിധിയിലെത്തുന്നത്. ഈ അവസ്ഥയിൽ അവൻ എത്തുമ്പോൾ, അവൻ ഓരോരുത്തരെയും തന്റെ അടുത്ത ആളായി കാണും. ഇത് ഏറ്റവും നന്നായി മനസ്സിലാക്കുവാൻ, ഹസ്രത് മുഹമ്മദ് (സ) ജനങ്ങളെപ്പറ്റി പറഞ്ഞു തന്നിട്ടുള്ളത് ''അല്ലാഹുവിന്റെ കുടുംബം'' എന്നാണ്.

ഭൂമിയിലെ സകല കുടുംബങ്ങളും ദൈവത്തിന്റേതാണ്. അതുപോലെ ദിൽ: ഖുർബ എന്നാൽ എല്ലാ കുടുംബങ്ങളെയും വലയം ചെയ്തു നിൽക്കുന്ന നന്മയും സ്നേഹവുമാണ്. എല്ലാ സൃഷ്ടികളും അല്ലാഹുവിന്റെ കുടുംബമാണെങ്കിൽ അപ്പോൾ മുതൽ നിങ്ങളുടെ സ്വന്തം കുടുംബത്തിലുള്ള ബന്ധം പോലെയായിരിക്കണം ലോകത്തിലെ എല്ലാ കുടുംബങ്ങളോടും കാട്ടേണ്ടത്. ഈ വിഷയം ഞാൻ ജമാഅത്തിന് വിശദീകരിക്കുന്നത്, ഹസ്രത് മുഹമ്മദ് (സ) യുടെ ജീവിത ചര്യയിൽ നിന്നുമാണ്. ഇവയ്ക്ക് മഹത്തായ സാർവ്വദേശീയ ആത്മീയ വിപ്ലവുമായി അഭേദ്യമായ ബന്ധമുണ്ട്. ഇതില്ലാതെ ഈ ജോലി നിർവ്വഹിക്കുവാൻ സാധ്യമല്ല.

എന്നാൽ ചില മുസ്ലീം ഭവനങ്ങളിലേയും, അഹ്മദി കുടുംബങ്ങളിലേയും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ചില രാജ്യങ്ങളിലെയും കുടുംബ സാഹചര്യം പരിശോധിക്കുമ്പോൾ എന്റെ ഹൃദയം ഭയവിഹ്വലമാവുകയാണ്, വിശിഷ്യാ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ ! ചില സ്ഥലങ്ങളിൽ അവർ ഈ യാത്ര ആരംഭിച്ചിട്ടുപോലുമില്ല. എന്റെ എല്ലാ അനുചരൻമാരും മനസ്സിലാക്കണം, ഈ നൂറ്റാണ്ടിലെ ദൈവീക ദൃഷ്ടാന്തത്തെ അംഗീകരിക്കുകയും, ഖലീഫത്തുല്ലാഹ്യെയും അംഗീകരിച്ചിരിക്കുന്നുവെന്നു പറഞ്ഞതുകൊണ്ട് നിങ്ങൾ യഥാർത്ഥ മുസ്ലീംങ്ങൾ (മുഅ്മിനീൻ, സഹീഹിൽ ഇസ്ലാം, ആയിട്ടില്ല. മറിച്ച് യാത്രാ വാഹനത്തിൽ പ്രവേശിക്കുവാൻ നിങ്ങൾ തയ്യാറായിരിക്കുന്നു, ഇനി ആ യാത്ര തുടരേണ്ടതുണ്ട്! ആ യാത്ര പൂർത്തീകരിക്കുവാൻ വളരെ പ്രയാസമാണ് എന്ന് നിങ്ങളറിയണം, എന്നാൽ നിങ്ങൾക്കിത് ചെയ്യുവാൻ കഴിഞ്ഞാൽ, അല്ലാഹു നിങ്ങളോട് തൃപ്തനാകും! ഈ ജമാഅത്തിൽ പ്രവേശിച്ചവരെല്ലാം, അവർ ഇപ്പോൾ പറയുന്നു, അവർ വിശ്വാസികൾ ആണെന്ന്! അതേ തീർച്ചയായും അവർ വിശ്വാസികളാണ്. അൽഹംദുലില്ലാഹ്! എന്നാൽ ഇതൊരു പ്രഥമ ചവിട്ടു മാത്രമാണ്. എന്നാൽ അല്ലാഹു അവരെ പരീക്ഷിക്കുന്നതാണ്; അവരുടെ വിശ്വാസ പ്രഖ്യാപനത്തിന് ശേഷം അവർ പറയുന്നു. അല്ലാഹുവിൽ

വിശ്വസിക്കുന്നു, അവന്റെ ഖലീഫയിൽ വിശ്വസിക്കുന്നു, ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിക്കുന്നു, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ വിശ്വസിക്കുന്നു. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലാണ് നിങ്ങൾ എന്ന് പറയുന്നത്, നിങ്ങൾ വാഹനത്തിൽ കയറുന്നതുപോലെയാണ്. വാഹനം നിങ്ങളെ യാത്രചെയ്യിച്ച് ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്നു. അതുപോലെ നിങ്ങൾ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലാണെങ്കിൽ, നിങ്ങളുടെ ബാഹ്യവും ആന്തരികവുമായ സംസ്ക്കരണം പൂർത്തിയാക്കേണ്ടതുണ്ട്. ജനങ്ങളുമായുള്ള ബന്ധം ശക്തിപ്പെടുത്തേണ്ടതുണ്ട്, അതിലൂടെ അല്ലാഹുമായുള്ള ബന്ധവും! നിങ്ങൾ ആളുകളെ അവഗണിച്ചാൽ, സാഹോദര്യബന്ധം ശക്തിപ്പെടുത്താനുള്ള പ്രയ്തനം നിങ്ങൾ ചെയ്യുന്നില്ലെങ്കിൽ, മനുഷ്യത്വത്തിന്റെ മേഖലകളിലേക്ക് നിങ്ങൾ ചുവട് ഉറപ്പിക്കുന്നില്ലെങ്കിൽ, നിങ്ങൾ പരാജയപ്പെടും. നിങ്ങൾ ആരംഭിച്ച യാത്ര ലക്ഷ്യത്തിലെത്തുകയില്ല. ഇപ്പോൾ നിങ്ങൾ നിങ്ങളെ ശുദ്ധീകരിക്കുവാൻ കുളിമുറിയിൽ പ്രവേശിച്ചതുപോലെയാണ്. അല്ലാഹുവിന്റെ ജമാഅത്തിൽ പ്രവേശിച്ച ഉടനെ സ്വർഗ്ഗത്തിലേക്കുള്ള ഒരു വിസ കിട്ടിയിരിക്കുന്നു. മറ്റുള്ളവരെ സംസ്ക്കരിക്കുവാനുള്ള ഒരു വിദഗ്ധനായിരിക്കുന്നു നിങ്ങൾ എന്നിതിന്നർത്ഥമില്ല. നിശ്ചയമായും ഇല്ല. പകരം, നിങ്ങൾ സ്വയം നിങ്ങളുടെ സംസ്ക്കരണം ആരംഭിക്കുകയാണ് ചെയ്യേണ്ടത്! ഈ യാത്ര നിങ്ങൾ ഏറ്റെടുക്കുകയും കൈകാര്യം ചെയ്യുകയും പൂർത്തിയാക്കുകയും ചെയ്താൽ, ഇത് നിങ്ങളുടെ കുടുംബത്തിനും നിങ്ങളുടെ ആത്മാവിനും നിങ്ങളുടെ ധാർമ്മികതയ്ക്കും വളരെ പ്രയോജനകരമായിരിക്കുമെന്ന് തെളിയിക്കുന്നതാണ്. നിങ്ങളുടെ യാത്രയിൽ ഇത് വളരെ വലിയ സ്വാധീനം ചെലുത്തുന്നതാണ്. ഇൻശാഅല്ലാഹ്. ഈ യാത്ര സഹിഷ്ണുതയോടെയും, ക്ഷമയോടെയും അല്ലാഹുവിൽ ഭരമേൽപ്പിച്ചുകൊണ്ടും നിർവ്വഹിക്കേണ്ടതാണ്. അല്ലാഹു (ത) അവൻ തന്നെ, ജനങ്ങളുടെ കണ്ണുകളിൽ നിന്നും, അന്ധതയുടെ ആവരണങ്ങൾ നീക്കം ചെയ്യുകയും, അവർ, നിങ്ങൾ സത്യത്തിലാണെന്നും സത്യവാനാണെന്നും സാക്ഷ്യം വഹിക്കുകയും ചെയ്യുന്നതാണ്. എന്നാൽ അതിന് മുമ്പ്, നിങ്ങൾ ഈ പരിശീലനത്തിൽ വിജയശ്രീലാളിതനാകേണ്ടതുണ്ട്,നിങ്ങൾ അല്ലാഹുവിന്റെ ദൂതനെ തിരിച്ചറിഞ്ഞിരിക്കുന്നു. പ്രത്യേകിച്ച് നിങ്ങൾ അദ്ദേഹത്തിന്റെ കൈകളിൽ ബൈഅത്ത് ചെയ്തിരിക്കുന്നു (അല്ലാഹു (ത) സൂറ അൽഫത്ഹിൽ പറഞ്ഞത് പോലെ നിശ്ചയമായും ഇത് അല്ലാഹുവിന്റെ കരമാണ്) ഇപ്പോൾ നിങ്ങൾ ഈ യാത്ര തുടരേണ്ടതുണ്ട്. അല്ലാഹുവാണ് നിങ്ങൾ ഏറ്റെടുത്ത ഈ ആത്മീയ പരിശീലന യാത്രയിൽ വിജയിച്ചോ അതോ പരാജയപ്പെട്ടോ എന്നറിയിക്കുന്നത്.

ആയതിനാൽ ഞാൻ നിങ്ങളോട് പറഞ്ഞുകൊണ്ടിരിക്കുന്നതു പോലെ, അനേകം ഭവനങ്ങളുണ്ട്. അതിലെ ആളുകൾ തമ്മിലുള്ള ബന്ധം വളരെ മോശമാണ്, പരിതാപകരമാണ്. ഇത് അൽപം പോലും നന്നല്ല. ഇത് ഇസ്ലാമിന്റെ അധ്യാപനത്തിൽ നിന്നും വളരെ വിദൂരമാണ്. വിശിഷ്യാ, ഈ കാലഘട്ടത്തിൽ, ഒരു ഖലീഫത്തുല്ലാഹ്യുടെ സാന്നിദ്ധ്യത്തിൽ ! ചില ഭവനങ്ങളിൽ, പിതാക്കൻമാർ അവരുടെ കുട്ടികളുടെ അവകാശങ്ങൾ നിറവേറ്റുന്നില്ല. ഭാര്യമാരുണ്ട്. അവർ അവരുടെ ഭർത്താക്കൻമാരുടെ അവകാശങ്ങൾ നിറവേറ്റുന്നില്ല. അവർ അവരുടെ ഭർത്താക്കൻമാർക്കെതിരിൽ ശബ്ദമുയർത്തി സംസാരിക്കുന്നു, അവരുടെ ഭർത്താക്കൻമാരുടെ തീരുമാനങ്ങളെയും വാക്കുകളെയും ആദരിക്കുന്നില്ല. ചില ഭവനങ്ങളിൽ, ഭർത്താക്കൻമാർ അവരുടെ ഭാര്യമാരുടെ അവകാശങ്ങൾ വകവെച്ചു കൊടുക്കുന്നില്ല. മറ്റ് ചില ഭവനങ്ങളിൽ, കുട്ടികൾ തങ്ങളുടെ രക്ഷകർത്താക്കളുടെ അവകാശങ്ങൾ വകവച്ചു കൊടുക്കുന്നില്ല. ഇന്ന്, അവരോട് മാന്യമായ നിലയിൽ സംസാരിക്കാത്തവരുമുണ്ട്. കുട്ടികൾ തങ്ങളുടെ രക്ഷകർത്താക്കളെ 'ഏയ്' എന്നു പോലും സംബോധന ചെയ്യുന്നു. അവർ ഉമ്മച്ചി വാപ്പച്ചി എന്ന് പോലും വിളിക്കാതെ അവരുടെ കൂട്ടുകാരുടെ ഇടയിൽ സംസാരിക്കുന്നതുപോലെ അവരെ മ്ളേച്ഛ ഭാഷയിൽ അഭിസംബോധന ചെയ്യുന്നു. ആയതിനാൽ നിങ്ങൾ ജനങ്ങളോട് മാന്യമായ നിലയിൽ സംസാരിക്കണം. എനിക്ക്, രക്ഷകർത്താക്കളെ കുട്ടികൾ വിളിക്കുന്ന യഥാർത്ഥ പദം, എടുത്തു പറയാൻ കഴിയില്ല. ഈ കുട്ടികൾ പാരുഷ്യത്തിന്റെയും, നിരാസത്തിന്റെയും,

ചീത്ത പ്രകൃതങ്ങളുടെയും ഇരകളാണ്. അങ്ങനെ രക്ഷകർത്താക്കൾക്ക് കുടുംബം ഒരു ജീവിക്കുന്ന നരകമായി മാറിയിരിക്കുന്നു. മാത്രമല്ല, കുട്ടികൾ ഇസ്ലാമിക മൂല്യങ്ങളിൽ നിന്നും നല്ല ജീവിതത്തിൽ നിന്നും നല്ല പെരുമാറ്റങ്ങളിൽ നിന്നും വിദൂരത്തായിരിക്കുന്നു! ഇതിനെപ്പറ്റി നിങ്ങൾ ഗാഢമായി ചിന്തിച്ചാൽ, നിങ്ങൾ അത്ഭുതപ്പെട്ടു പോകും. അത്ഭുതപ്പെട്ട് പോകും എന്ന വാക്ക് വളരെ ദുർബലവും അപര്യാപ്തവുമായ ഒരു വാക്കാണ്. അവരുടെ പ്രവർത്തികൾ വർണ്ണിക്കുവാൻ മറ്റൊരു വാക്കില്ലാത്തതിനാലാണ് ഈ വാക്ക് ഉപയോഗിക്കുന്നത്. ഇത്തരം ഭവനങ്ങൾ എന്ത് തന്നെയായാലും ആത്മീയ വിപ്ലവത്തിന് ഒരു സ്വാധീനവുമില്ലാത്ത ഭവനങ്ങളാണ്, അവിടെ ആത്മീയതയില്ല. അവരിൽ ആത്മീയത പ്രദർശിപ്പിക്കുവാൻ ഒന്നും തന്നെയില്ല. അവർനാമമാത്ര മുസ്ലീംങ്ങളാണ്, അഥവാ അവർ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ, പേരിൽ മാത്രം ഉള്ളവരാണ്. അവർ ഉണങ്ങിയ ശിഖരം പോലെയാണ്. ജമാഅത്തുസ്സഹീഹിൽ ഇസ്ലാം അല്ലാഹുവിന്റെ ജമാഅത്താണ്. ഈ വിനീതനെ ഒരു ജമാഅത്തുമായി ഈ നൂറ്റാണ്ടിൽ നിങ്ങളുടെ മുമ്പിൽ ഉയർത്തിയിരിക്കുന്നത് അല്ലാഹുവാണ്. അത് സഹീഹിൽ ഇസ്ലാമാണ്. ഇത് അല്ലാഹു എനിക്ക് നൽകിയ ജമാഅത്താണ്. അതിപ്പോൾ പുരോഗതിയുടെ പാതയിലാണ്. ഈ ജമാഅത്ത് പച്ചപിടിച്ചു നിൽക്കുകയാണ് എന്നെനിക്ക് പറയുവാൻ കഴിയും. (ആരോഗ്യമുള്ള വളരുന്ന ഒരു വൃക്ഷം പോലെ) മുൻ കാലങ്ങളിൽ സംഭവിച്ചതുപോലെ, മുൻ കഴിഞ്ഞ എല്ലാ പ്രവാചകന്മാരുടെ കാലത്തും സംഭവിച്ചതു പോലെ ചില ശിഖരങ്ങൾ വാടുകയും ഉണങ്ങുകയും ചെയ്യുന്നതാണ്. ആ ശിഖരങ്ങൾ, നിശ്ചയമായും, എന്നിൽ നിന്നും മുറിച്ചു മാറ്റപ്പെടുന്നതാണ്. നിങ്ങൾ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും, ഈ വൃക്ഷം വളരുക തന്നെ ചെയ്യും; വളർന്നുകൊണ്ടിരിക്കുകയും ചെയ്യും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അതിന്റെ ശാഖകളുമുണ്ടാകും. ഈ ശാഖകൾ ലോകത്തിന്റെ അറ്റങ്ങളോളം എത്തുന്നതാണ്; അത് വളർന്ന് പന്തലിക്കുകയും ചെയ്യും. ഇതിന്റെ ശാഖകൾ വ്യാപിക്കുന്നതാണ് എന്ന് അല്ലാഹു വിധിച്ച കാര്യമാണ്. ഇൻശാ അല്ലാഹ്. ആത്മീയ പക്ഷികൾ ലോകത്തിന് ചുറ്റും ഈ ശാഖകളിൽ കൂടുകൾ കൂട്ടും. അവരതിൽ വസിക്കും. ആശ്വാസ പൂക്കളും ഫലങ്ങളും വിളയിച്ച് അവരതിൽ സന്തോഷിക്കും. എന്നാൽ ഇതും പ്രതീക്ഷിക്കുന്നുണ്ട്, ഈ പച്ചയണിഞ്ഞ ശിഖിരങ്ങളോടൊപ്പം, ഉണങ്ങിയ ശിഖരങ്ങളുമുണ്ടായിരിക്കും. (ഇപ്പോൾ തന്നെ പലതും ഉണങ്ങി കഴിഞ്ഞു) ഈ ഉണങ്ങിയ ശാഖകൾക്ക് വൃക്ഷത്തെ ചോദ്യം ചെയ്തുകൊണ്ട് അതിനോടൊപ്പം ചേർന്ന് നിൽക്കുവാൻ സാധ്യമല്ല. അല്ലാഹു (ത) അവരെ എന്നിൽ നിന്നും മുറിച്ചു മാറ്റുന്നതാണ് ! അല്ലാഹുവിന്റെ മുമ്പിൽ അവരുടെ സാഹചര്യം വളരെ ഗുരുതരമായിരിക്കുന്നതാണ്. ഞാൻ പറയുന്നത് എളുപ്പത്തിൽ മനസ്സിലാക്കാൻ, ഉണങ്ങിയ തടികളുടെ ഉദാഹരണം നോക്കുക, അവ തീ കത്തിക്കുവാനാണ് ഉപയോഗിക്കുന്നത്, ഈ വീക്ഷണ കോണിലൂടെ നാം നോക്കുമ്പോൾ, വാസ്തവത്തിൽ എന്റെ ഹൃദയം വിറകൊള്ളുകയാണ്. (അവരുടെ അനന്തരഫലമോർത്ത്)

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ വളരെയധികം അനുയായികളും, ഈ ദുഷിച്ച സ്വഭാവങ്ങൾ മൂലം എന്നിൽ നിന്നും വിദൂരത്തായിരിക്കുന്നു. എന്നാൽ ഈ ജമാഅത്തിൽ പ്രവേശിച്ച കുറച്ച് ആളുകൾ, ഈ മോശമായ വഴികൾ അവരോടൊപ്പം തന്നെയുണ്ട്, അവർക്ക് തർബിയത്തും, ഉപദേശങ്ങളും വളരെയധികം നൽകിയെങ്കിലും ദൗർഭാഗ്യവശാൽ അവർ സ്വയം സംസ്ക്കരിക്കുവാൻ തയ്യാറാകുന്നില്ല. ഈ ജമാഅത്ത് മറ്റ് ജമാഅത്തുകളെ പോലെ ആകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതു പോലെയായാൽ ഈ ജമാഅത്തും മറ്റു ജമാഅത്തുകളും തമ്മിൽ യാതൊരു വ്യത്യാസവുമില്ലല്ലോ ! ആയതിനാൽ നാം ധാരാളമായി ദു ആ ചെയ്യണം. അങ്ങനെയായാൽ അവർ ഉണങ്ങിയ ശിഖിരങ്ങൾ പോലെയാവുകയില്ല. നാം വളരെയധികം അധ്വാനിക്കേണ്ടതുണ്ട് ! അല്ലാഹുവേ ! നീ നിന്റെ ജമാഅത്തിനെ ദുർഗന്ധപൂരിതമാക്കരുതേ ! (ഈ കുറച്ച് ആളുകളിലൂടെ) ഞങ്ങളുടെ ശത്രുക്കൾക്ക് ഗ്രഹിക്കുവാൻ കഴിയുകയില്ല, ഈ ദുർഗന്ധം ! അവർ ജമാഅത്തിനെ ഒന്നടങ്കം ആക്ഷേപിക്കുകയാണ്.

ഈ ആളുകളും (ആരാണോ ഉണങ്ങിയത്, അഥവാ ആരാണോ ഉണങ്ങാറായിക്കൊണ്ടിരിക്കുന്നത്) അവർ നമ്മുടെ അനുകമ്പയ്ക്ക് അർഹരാണ്! ഉണക്ക വിറകുകൾ അഗ്നിയിൽ എരിയുന്നതുപോലെ അവർ എരിയട്ടെ എന്ന് നമുക്ക് എങ്ങനെയാണ് പറയുവാൻ കഴിയുന്നത്? കാരണം ഹസ്രത് മുഹമ്മദ് (സ) യ്ക്ക് ഇത്തരം ആളുകൾ കത്തി കരിയട്ടെ എന്ന ചിന്താഗതിയായിരുന്നുവെങ്കിൽ, ഈ ലോകം എന്നേ കത്തികരിഞ്ഞു പോകുമായിരുന്നു. പകരം നമ്മുടെ ആദരണീയനായ പ്രവാചകൻ (സ) ഇത്തരം ആളുകളോട് അഗാധമായ സ്നേഹ വിഷമത്തിലായിരുന്നു / ഈ ഉണങ്ങിയ ശിഖരങ്ങളോട് ! അദ്ദേഹത്തിന്റെ ഹൃദയം ഓരോരുത്തരോടും ദയാർദ്രമായിരുന്നു; ഓരോരുത്തരുടെ മേലും അദ്ദേഹത്തിന്റെ ദയാവായ്പ് മഴ പോലെ പെയ്തിറങ്ങി. അദ്ദേഹം എവിടെയായിരുന്നാലും, കയ്പിന്റെ അഗ്നിയെ ശമിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. ആ പുണ്യ പുരുഷനോടാണ് നാം നന്ദി രേഖപ്പെടുത്തേണ്ടത്! അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് ജമാഅത്തുസ്സഹീഹിൽ ഇസ്ലാം രൂപം കൊണ്ടത് അദ്ദേഹത്തിന്റെ അനുഗ്രഹത്തലാണ്! അദ്ദേഹത്തിന്റെ അനുഗ്രഹത്തിന്റെ പേമാരി, അദ്ദേഹത്തിന്റെ പ്രാർത്ഥനയുടെ ഫലങ്ങളാണ് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ ഇറങ്ങിക്കൊണ്ടിരിക്കുന്നത്, അതിലൂടെയാണ് നമ്മെ കഴുകി ശുദ്ധിയാക്കുന്നത്.

ഈ സന്ദർഭത്തിൽ, ഈ ആളുകളുടെ സംസ്ക്കരണത്തിൽ വളരെയധികം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. നാമവരെ നിരസിക്കുവാൻ പാടില്ല, നാമവരെ ദൂരത്താക്കുവാനും പാടില്ല. അല്ല! ഇതല്ല നമ്മുടെ പ്രധാന ലക്ഷ്യം! നമ്മുടെ ലക്ഷ്യംഅവരെ രക്ഷിക്കുകയാണ്. നാം ഒരിക്കലും സ്വാർത്ഥരായി പോകരുത്, അല്ലാഹുവിൽ നിന്ന് നമുക്ക് ധാരാളം അനുഗ്രഹങ്ങൾ ലഭിച്ചിരിക്കുന്നു. മറിച്ച് അവർ നമ്മിലേക്ക് ആകർഷിക്കുവാൻ കഴിയുന്നതെല്ലാം നാം ചെയ്യണം! അങ്ങനെ നമുക്ക് എല്ലാവർക്കും അടുത്ത കുടുംബാംഗങ്ങൾ പോലെ കഴിയാം; സമാധാനത്തോടെ, സൗഹൃദത്തോടെ, ശാന്തിയോടെ, ഇൻശാ അല്ലാഹ്! ആമീൻ. ഇത് ചെയ്തിട്ടും, അവർ ഒട്ടും തന്നെ സ്വയം മാറ്റം വരുത്തുവാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ അല്ലാഹു (ത) അവൻ തന്നെ അവരെ മുറിച്ചു മാറ്റുന്നതാണ്; അല്ലാഹുവിന്റെ വൃക്ഷത്തിന്, ഇനിമേലിൽ, ഉപദ്രവമുണ്ടാകാതിരിക്കുവാൻ!

എന്റെ എല്ലാ അനുയായികളോടും, എല്ലാ മുസ്ലീം സഹോദരീ സഹോദരന്മാരോടും, മനുഷ്യ വർഗ്ഗത്തിന്റെമേൽ മൊത്തത്തിലും, ഞാൻ വിനീതമായി പറയട്ടെ, നമുക്ക് കൈകോർത്തുകൊണ്ട്, ഹൃദയ നൈർമല്യത്തോടെ, ദൈവത്തിനുവേണ്ടി നിലകൊള്ളാം! അവനു വേണ്ടി മാത്രം! സ്വാർത്ഥതയ്ക്കുവേണ്ടിയല്ല! പൊങ്ങച്ചത്തിനുവേണ്ടിയുമല്ല! നമ്മുടെ തന്നെ സംസ്ക്കരണത്തിനായി, നമ്മുടെ തന്നെ കുടുംബ സംസ്ക്കരണത്തിനായി, നമ്മുടെ ജനിതക, ആത്മീയ കുടുംബ സംസ്ക്കരണത്തിനായി നമുക്കൊരുമിച്ച് മുന്നേറാം! ഇൻശാ അല്ലാഹ്. ആമീൻ.

**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*****************